## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 527** **26.10.2016-ന് മറുപടിയ്ക്ക്**

## വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.വി.രാജേഷ്<br>ശ്രീ. എം. രാജഗോപാലൻ<br>ശ്രീ. ഡി.കെ. മുരളി<br>ശ്രീ. എം.എം.മണി | ശ്രീ. കെ. രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 1977 ജനുവരി 1 ന് ശേഷമുള്ള വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ 2015 സെപ്റ്റംബർ മാസം കേരള ഹൈക്കോടതി ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ മുൻസർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; | (എ) | 1977 ജനുവരി 1 ന് ശേഷമുള്ള വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ 2015 സെപ്റ്റംബർ മാസം 4-ാം തീയതി ബഹു. കേരള ഹൈക്കോടതി 1957 ലെ കേരള ലാന്റ് കൺസർവൻസി ആക്ട്, 1961 ലെ കേരള ഫോറസ്റ്റ് ആക്ട് എന്നിവയനുസരിച്ച് നടപടി സ്വീകരിക്കുവാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ വനം കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനായി കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി വനംകൈയ്യേറ്റക്കാരുടെ പേര് വിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇക്കാലയളവിലെ വനഭൂമി കയ്യേറ്റത്തിന്റെ കണക്ക് സർക്കാരിന്റെ പക്കലുണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ; | (ബി) | 01.01.1977 ന് ശേഷമുള്ള ഒഴിപ്പിക്കാനുള്ള വനം കൈയ്യേറ്റം 7289.3377 ഹെക്ടർ വനഭൂമിയാണ്. |
| (സി) | കയ്യേറ്റഭൂമി തിരിച്ചുപിടിക്കാനായി വനം വകുപ്പ് എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) | 04.09.2015 ലെ ബഹു.കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കൈയ്യേറ്റക്കാരുടെ പേരുവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുള്ളതാണ്. കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നോട്ടീസ് നൽകുന്നതുൾപ്പെടെയുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ